LIBRARY ARCHIVES Kerala Legislative Assembly

വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

175 (175) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

20-3-2020-ലെ സ.ഉ(സാധാ)നം.619/2020/ആ.കു.വ. പ്രകാരം വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് നിർമ്മാണ ചുമതല നൽകുകയും ഡി.പി.ആർ. തയ്യാറാക്കിവരികയും ചെയ്യുന്നു.

തുറവൂർ താലൂക്കാശുപത്രി

176 (176) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്കാശുപത്രി താലൂക്കാശുപത്രിയായി ഉയർത്തിയിട്ടും താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ല എന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആർദ്രം മാനദണ്ഡപ്രകാരം ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നതിലൂപരി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് ആരോഗ്യ വകുപ്പ് പ്രാമുഖ്യം നൽകുന്നത്. ഇതുപ്രകാരം ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കുതല ആശുപത്രിയായും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. തുറവൂർ താലൂക്കാശുപത്രി ചേർത്തല താലൂക്കിലാണ് ഉൾപ്പെടുന്നത്. ചേർത്തല താലൂക്കാശുപത്രിയാണ് താലൂക്കുതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത്. തുറവൂർ താലൂക്കാശുപത്രിയാക്കി ഉയർത്തിയതിനുശേഷം ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. Consultant - 1, GO (MS) No.655/2010/H&FWD dated 30-10-2010
2. Junior Consultant - 2

3. Head Nurse - 1
4. Staff Nurse - 4
5. Nursing Assistant - 1
6. Hospital Attendant Gr.II - 1
7. Dental Asst. Surgeon - 1, GO(MS) No.06/2016/H&FWD dated 7-1-2016
8. Dental Hygienist - 1
9. Casualty Medical Officer - 4, GO(MS) No. 170/2016/H&FWD dated 17-8-2016
10. Lab Technician - 1, GO(MS)No.192/2016/H&FWD dated 7-10-2016
11. LD Clerk - 1, GO(MS)No.168/2021/H&FWD dated 22-9-2021
12. Staff Nurse - 2.

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി താല്ക്കാലികമായി എൻ.ആർ.എച്ച്.എം. വഴി ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി എൻ.എച്ച്.എം. വഴി 1 പി.ആർ.ഒ, 1 ഫാർമസിസ്റ്റ്, 2 സ്റ്റാഫ് നഴ്സ് (പാലിയേറ്റിവ് കെയർ), 1 ഫിസിയോ തെറാപ്പിസ്റ്റ് (പാലിയേറ്റീവ് കെയർ), 2 ആർ.ബി.എസ്.കെ. നഴ്സ്, 1 ലാബ് ടെക്നീഷ്യൻ, 1 സ്റ്റാഫ് നേഴ്സ് ബോണ്ടഡ് എന്നിവരെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ എത്ര എൻ.ആർ.എച്ച്.എം. ജീവനക്കാരെയാണ് അത്തർ മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ?

എൻ.എച്ച്.എം. വഴി താഴെപ്പറയുന്ന ജീവനക്കാരെ അത്തർ മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നം.	തസ്തിക	എണ്ണം
1	മെഡിക്കൽ ഓഫീസർ	5
2	ഡെന്റൽ സർജൻ	1
3	പി.ആർ.ഒ	1
4	സ്റ്റാഫ് നഴ്സ്	27
5	ആർ.ബി.എസ്.കെ നഴ്സ്/ജെ.പി.എച്ച്.എൻ	8
6	ഫാർമസിസ്റ്റ്	1
7	ലാബ് ടെക്നീഷ്യൻ	2
8	ഫിസിയോതെറാപ്പിസ്റ്റ്	2
9	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	1
ആകെ		48

മാവേലിക്കര ജില്ലാ ആശുപത്രിക്ക് ഡോക്ടർ

177 (177) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിലെ രണ്ട് ഫിസിഷ്യന്മാരിൽ ഒരാൾ വർക്കിംഗ് അറേഞ്ച്മെന്റിൽ പത്തനംതിട്ട കാത്ത് ലാബിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാരണത്താൽ മാവേലിക്കരയിൽ ഫിസിഷ്യന്റെ സേവനം വേണ്ടവിധം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഡോക്ടറെ മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലനിർത്തുകയോ പകരം മറ്റൊരു ഡോക്ടറെ നിയമിക്കുകയോ ചെയ്യണം എന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലവിൽ ഒരു ഫിസിഷ്യന്റെ സേവനം ലഭ്യമാണ്. ടി ആശുപത്രിയിൽനിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിയമിച്ചിട്ടുള്ള ഡോക്ടർ കാർഡിയോളജിയിൽ അധിക യോഗ്യതയുള്ള ആളാണ്. ശബരിമല ഉൾപ്പെടെ